# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

ബുള്ളറ്റിൻ - ഭാഗം I
(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)
2016 ജൂൺ 2, വ്യാഴം
**നമ്പർ -1**

(സഭാനടപടികൾ ആരംഭിക്കുന്നതിന് മുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി.)

രാവിലെ 9.00 മണിക്ക് സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞയെടുക്കുന്നതിനായി അംഗങ്ങൾ ചേംബറിൽ ഹാജരായി. ഇൻഡ്യൻ ഭരണഘടനയുടെ 180 -ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി നിയമിതനായ സഭാംഗം ശ്രീ. എസ്. ശർമ്മ അദ്ധ്യക്ഷത വഹിച്ചു. ഭരണഘടനയുടെ 180-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി ശ്രീ. എസ്. ശർമ്മയെ ഗവർണ്ണർ നിയമിച്ചിരിക്കുന്ന വിവരം സെക്രട്ടറി സഭയെ അറിയിച്ചു. പുതുതായി രൂപീകരിക്കപ്പെട്ട നിയമസഭയിലെ അംഗങ്ങളെ ഭരണഘടനയുടെ 3-ാം പട്ടികയിൽ കൊടുത്തിരിക്കുന്ന ഫാറം അനുസരിച്ച് സത്യപ്രതിജ്ഞയോ സഗൗരവ പ്രതിജ്ഞയോ ചെയ്യിക്കുന്നതിന് ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് ശ്രീ. എസ്. ശർമ്മയെ ഗവർണ്ണർ നിയമിച്ചിരിക്കുന്നതായും സെക്രട്ടറി സഭയെ അറിയിച്ചു.

139 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ ചെയ്യുകയും പ്രതിജ്ഞാഫാറത്തിലും അംഗത്വരജിസ്റ്ററിലും ഒപ്പുവയ്ക്കുകയും ചെയ്തു.

2016 ജൂൺ 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.25-ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി
സെക്രട്ടറി-ഇൻ-ചാർജ്ജ്.

**FOURTEENTH KERALA LEGISLATIVE ASSEMBLY**
**First Session**
**BULLETIN – PART-I**
**(Brief Record of Proceedings)**
**Thursday, June 2, 2016**

**No. 1**

(National anthem was sung before the commencement of the proceedings)

The Members assembled for making oath or affirmation at 9.00 a.m. in the Assembly Chamber. Shri. S. Sarma who was appointed by the Governor to perform the duties of the Speaker under Article 180(1) of the Constitution was in the Chair. The Secretary informed the House that under Article 180 (1) of the Constitution of India the Governor has appointed Shri S. Sarma to perform the duties of the Speaker and that under Article 188 of the Constitution the Governor has appointed Shri. S. Sarma as the person before whom members of the newly constituted Legislative Assembly shall make and subscribe oath or affirmation according to the form, set out for the purpose in the Third Schedule of the Constitution. One hundred and thirty nine elected members made and subscribed oath or affirmation and signed the Roll of Members.

The House adjourned at 11.25 a.m. to meet again at 9.00 a.m. on Friday, 3rd June 2016.

P. Jayalekshmi
Secretary-in-Charge.